പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3149 07.02.2018 ൽ മറുപടിയ്ക്ക്

## മൂന്നാറിലെ പരിസ്ഥിതി പ്രശ്നങ്ങൾ

**ചോദ്യം**

ശ്രീ.സണ്ണി ജോസഫ്

ശ്രീ.പി.ടി. തോമസ്

ശ്രീ.എം.വിൻസെന്റ്

ശ്രീ.ഷാഫി പറമ്പിൽ

**മറുപടി**

ശ്രീ.ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | |
|---|---|---|
| (എ) | മൂന്നാറിലെ പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റി ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച അവലോകന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) & (ബി) പരിസ്ഥിതി സംബന്ധിച്ച സമിതി (2016-19)ന്റെ നിർദ്ദേശ പ്രകാരം മൂന്നാറിലെ പാരിസ്ഥിതിക പ്രശ്നങ്ങളും, ഭൂമി സംബന്ധമായ പ്രശ്നങ്ങളും സംബന്ധിച്ച് മൂന്നാർ സന്ദർശിച്ച് ലാന്റ് റവന്യൂ കമ്മീഷണർ തയ്യാറാക്കിയ പഠന റിപ്പോർട്ട് പ്രസ്തുത സമിതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും, ടി റിപ്പോർട്ട് പരിശോധിച്ച് സമിതി സർക്കാരിന് ശുപാർശകൾ നല്കിയിട്ടുള്ളതും, ടി റിപ്പോർട്ടിലെ 8-വും 9-വും ശുപാർശകളിൽ റവന്യൂ വകുപ്പിൽ നിന്നും നടപടി സ്വീകരിക്കുന്നതും മറ്റ് ശുപാർശകൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി പരിസ്ഥിതി വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, കൃഷി വകുപ്പ്, വനം വന്യജീവി വകുപ്പ്, വിനോദസഞ്ചാര വകുപ്പ് എന്നീ വകുപ്പുകൾക്ക് കൈമാറിയിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | |
| (സി) | മൂന്നാർ വികസന അതോറിറ്റി രൂപീകരിക്കണമെന്ന നിയമസഭാ പരിസ്ഥിതി കമ്മിറ്റി (2016-18)യുടെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | മൂന്നാർ വികസന അതോറിറ്റി രൂപീകരിക്കണമെന്ന നിയമസഭാ പരിസ്ഥിതി കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശയിൻമേൽ തുടർനടപടി സ്വീകരിക്കുന്നതിനായി പരിസ്ഥിതി വകുപ്പിനും, തദ്ദേശ സ്വയംഭരണ വകുപ്പിനും നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ